**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1300** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് വലിയഴീക്കൽ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ വലിയഴീക്കൽ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വലിയഴീക്കൽ പാലം കേന്ദ്രീകരിച്ചുള്ള ടൂറിസം പ്രൊജക്റ്റ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് DPR തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പ്രോജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഈ പ്രോജക്ട് അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത ടൂറിസം പ്രൊജക്റ്റ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ടൂറിസം വികസന സാധ്യതയും ഭൂമിയുടെ ലഭ്യതയും പരിശോധിക്കുന്നതിനായി ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ, ഡി.ടി.പി.സി ഉദ്യോഗസ്ഥർ, കാർത്തികപ്പള്ളി താലൂക്ക് അധികൃതർ, സർക്കാർ എംപാനൽഡ് ഏജൻസി എന്നിവർ 02.07.2024 ന് വലിയഴീക്കൽ പ്രദേശത്ത് സംയുക്ത സ്ഥല പരിശോധന നടത്തിയിരുന്നു. തുടർന്ന് 23.08.2024 ന് ടി പ്രദേശത്ത് ലാൻഡ് സർവ്വേ നടത്തുകയും, ടി സർവ്വേയിൽ നിന്നും വലിയഴീക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിൽ നിന്നും ഏകദേശം 300 മീറ്റർ മാറി പാലത്തിന്റെ കിഴക്കുവശമുള്ള റെവന്യൂ പുറമ്പോക്ക് ഭൂമി വിനോദ സഞ്ചാര വികസനത്തിന് അനുയോജ്യമായ ഭൂമിയാണെന്ന് മനസ്സിലാക്കിയിട്ടുള്ളതും, സർവ്വേ, വകുപ്പ് തയ്യാറാക്കിയിട്ടുള്ളതുമാണ്. ടി സർവ്വേ സ്കെച്ച് പ്രകാരം 195/4.pt എന്ന സർവ്വേ നമ്പറിൽ ഉൾപ്പെട്ട 0.5275 ഹെക്ടർ വിസ്തീർണ്ണം വരുന്ന റെവന്യൂ പുറമ്പോക്ക് ഭൂമി വലിയഴീക്കൽ ടൂറിസം പ്രൊജക്റ്റ് വിഭാവനം ചെയ്യുന്നതിന് അനുയോജ്യമായി കാണുന്നു. എന്നാൽ ടി പുറമ്പോക്ക് ഭൂമിയിലേക്ക് പ്രവേശിക്കുന്നതിന് 5 മീറ്റർ വീതിയിൽ വഴി വിഭാവനം ചെയ്യുന്നതിന്, 195/4B pt, 195/17B pt എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട, യഥാക്രമം 0.0148 ഹെക്ടർ, 0.0154 ഹെക്ടർ വിസ്തീർണ്ണം വരുന്ന സ്വകാര്യ വ്യക്തികളുടെ ഭൂമി കൂടി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ